"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീ. അനന്തു വി പി യുടെ ക്ലറിക്കൽ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.188/2025/LSGD തീയതി,തിരുവനന്തപുരം, 19-01-2025**

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 23/02/2024-ലെ LSGD/PD/880/2023/1E2 നമ്പർ ഉത്തരവ്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 07/09/2024 -ലെ LSGD/PD/29201/2024-IE2 നമ്പർ ഉത്തരവ്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 08/11/2024-ലെ LSGD/PD/29201 /2024-IE2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ക്ലാർക്കായ ശ്രീ. അനന്തു വി പി 27/04/2019- ൽ ക്ലറിക്കൽ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ടിയാന്റെ ടി തസ്തികയിലെ സേവനം പരാമർശം (1) ഉത്തരവ് പ്രകാരം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ വകുപ്പുതല പരീക്ഷ (എംഒപി) യഥാസമയം വിജയിക്കാത്തതിനാൽ, 27/04/2021 തീയതി മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ നിരീക്ഷണ കാലയളവ് പരാമർശം (2) പ്രകാരം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടിയാൻ 04/10/2023-ന് നടന്ന എം.ഒ.പി പരീക്ഷയാണ് വിജയിച്ചിട്ടുള്ളത്. ആയതിനാൽ ടിയാന്റെ നിരീക്ഷണകാലം 05/10/2023 പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് മേധാവി പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. ശ്രീ. അനന്തു വി പി -യുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 27/04/2019 -ൽ ക്ലറിക്കൽ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. അനന്തു വി പി നിരീക്ഷണകാലം പൂർത്തീകരിക്കാൻ ആവശ്യമായ MOP ടെസ്റ്റ് യോഗ്യത 04/10/2023 ൽ നേടിയിട്ടുള്ളതിനാൽ ടി യാൻ മറ്റു വിധത്തിൽ യോഗ്യനെങ്കിൽ, 05/10/2023 FN-ൽ നിരീക്ഷണകാലം പൂർത്തിയാക്കിയതായി

പ്രഖ്യാപിക്കാൻ സാധിക്കുമാറ്, ടിയാന്റെ നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നല്കിയിട്ടുള്ള കാലയളവിനു ശേഷം 27/4/2022 മുതൽ 06/10/2023 വരെ KS&SSRs Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ശ്രീ അനന്തു വി പി, ക്ലർക്ക്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),കേരള,തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 20-01-2025 11:11:48

സെക്ഷൻ ഓഫീസർ